ഉത്തരം

(എ) അനുബന്ധമായി കൊടുത്തിരിക്കുന്നു.*

(ബി) പരിശീലന പരിപാടിയിൽ 2010 ഏപ്രിൽ മുതൽ 2010 ഡിസംബർ വരെ 38002 പേർ പങ്കെടുത്തിട്ടുണ്ട്.

(സി) തദ്ദേശ ഭരണസ്ഥാപനങ്ങളിലെ അദ്ധ്യക്ഷൻമാർക്കും സ്റ്റാന്റിംഗ് കമ്മിറ്റി അദ്ധ്യക്ഷൻമാർക്കുമുള്ള ഒന്നാം ഘട്ട സംസ്ഥാനതല പരിശീലനം പൂർത്തിയായി. ഗ്രാമപഞ്ചായത്ത് മെമ്പർമാർക്കുള്ള പരിശീലനം ജില്ലാ കേന്ദ്രങ്ങളിൽ പൂർത്തിയായി. രണ്ടാംഘട്ട പരിശീലനം ഫെബ്രുവരി രണ്ടാം വാരം ആരംഭിക്കും. വനിതാ ജനപ്രതിനിധികൾക്ക് പ്രത്യേകമായി നേതൃത്വ പരിശീലനം ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. വനിതാജനപ്രതിനിധികളുടെ കുടുംബാംഗങ്ങൾക്കുള്ള പരിശീലനത്തിനായുള്ള തയ്യാറെടുപ്പുകൾ പൂർത്തിയായി വരുന്നു.

(ഡി) പരിശീലന പരിപാടികളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. പാഠ്യപദ്ധതിയും കൈപുസ്തകങ്ങളും തയ്യാറാക്കി പരിശീലനത്തിന് ഉപയോഗിക്കുന്നു.
2. പരിശീലകരുടെ കാര്യപ്രാപ്തി വികസനത്തിന് നിരന്തരമായ പരിശീലന പരിപാടി നടപ്പിലാക്കി വരുന്നു.
3. പരിശീലനാനന്തരം കൈപുസ്തകങ്ങളും പഠനസഹായിയും വിതരണം ചെയ്യുന്നു.
4. പരിശീലന വിലയിരുത്തൽ നടത്തി പോരായ്മകൾ തിരുത്താനുള്ള ശില്പശാലകൾ, സംഘടിപ്പിക്കുകയും ഫാക്കൽറ്റികൾക്ക് ആവശ്യമായ പരിശീലനം നൽകിവരുകയും ചെയ്യുന്നു.
5. പരിശീലനം മെച്ചപ്പെടുത്തുന്നതിനായി ദൃശ്യ-ശ്രവ്യ ഉപകരണങ്ങൾ ഉപയോഗിക്കുന്നു.

(ഇ) പ്രോജക്ട് മാനേജ്മെന്റ്, നിർവ്വഹണം എന്നിവയുമായി ബന്ധപ്പെട്ട കൈപുസ്തകം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും അയച്ചു കൊടുത്തിട്ടുണ്ട്.

സച്ചാർ കമ്മീഷൻ ശിപാർശകളിൽ സ്വീകരിച്ച നടപടികൾ

180(388) ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സച്ചാർ കമ്മീഷൻ ശിപാർശകളിൽ ഏതെല്ലാം സംസ്ഥാനത്ത് നടപ്പാക്കിയെന്ന് വ്യക്തമാക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ശുപാർശകൾ നടപ്പാക്കുന്നതു സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റ് എന്തെങ്കിലും നിർദ്ദേശം സംസ്ഥാന ഗവൺമെന്റിന് നൽകിയിട്ടുണ്ടോ, വിശദാംശം നൽകുമോ ;

(സി) പ്രസ്തുത റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് ന്യൂനപക്ഷ വിഭാഗക്കാർക്ക് ലഭിക്കേണ്ടിയിരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ) സച്ചാർ കമ്മീഷൻ ശുപാർശകൾ കേരളത്തിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച് പഠിച്ച ശ്രീ. പാലോളി മുഹമ്മദ് കുട്ടി അദ്ധ്യക്ഷനായ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശ പ്രകാരം താഴെപ്പറയുന്ന കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്:

ബിരുദ/ബിരുദാനന്തര /പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന മുസ്ലീം പെൺകുട്ടികൾക്ക് സ്കോളർഷിപ്/ഹോസ്റ്റൽ സ്റ്റൈപ്പൻഡ് ഏർപ്പെടുത്തി ഈ പദ്ധതി നടപ്പാക്കുന്നതിന് കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ഒരു സൂപ്പർവൈസർ, ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നീ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്. അഭ്യസ്തവിദ്യരായ മുസ്ലീം യുവജനതയ്ക്ക് യു.പി.എസ്.സി., പി.എസ്.സി., ബാങ്കിംഗ് സർവ്വീസ്, എൻട്രൻസ് തുടങ്ങിയ പരീക്ഷകൾക്കുള്ള ഹ്രസ്വകാല പരിശീലനങ്ങൾ നൽകുന്നതിന് സംസ്ഥാനത്ത് അഞ്ച് പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ ഉത്തരവാകുകയും ഇവയുടെ നടത്തിപ്പിനായി ഓരോ കേന്ദ്രത്തിലും ഒരു പ്രിൻസിപ്പൽ(യു.ജി.സി.), ഒരു എൽ.ഡി. ക്ലാർക്ക്, ഒരു കമ്പ്യൂട്ടർ ഓപ്പറേറ്റർ,ഒരു അറ്റൻഡർ/പ്യൂൺ എന്നീ തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. ഇവയിൽ കോഴിക്കോട്, കണ്ണൂർ, മലപ്പുറം, ജില്ലകളിലെ പരിശീലന കേന്ദ്രങ്ങൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിലെ പരിശീലനകേന്ദ്രം ഉടനെ പ്രവർത്തനം ആരംഭിക്കുന്നതാണ്. മദ്രസ്സാദ്ധ്യാപകർക്ക് ഏർപ്പെടുത്തിയ ക്ഷേമനിധി പെൻഷൻ പദ്ധതിയുടെ മാനദണ്ഡങ്ങൾ പുറപ്പെടുവിക്കുകയും അംഗത്വ വിതരണത്തിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയുടെ ആസ്ഥാനം കോഴിക്കോട് ജില്ലയിൽ പുതിയറയിലുള്ള പഴയ ഹജ്ജ് കമ്മിറ്റി ഓഫീസ് കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഈ പദ്ധതിയുടെ നടത്തിപ്പിനായി ഒരു മാനേജർ,ഒരു അക്കൗണ്ടന്റ്,രണ്ട് അസിസ്റ്റന്റുമാർ, ഒരു പ്യൂൺ എന്നീ തസ്തികകൾ സൃഷ്ടിച്ച് എല്ലാ തസ്തികകളിലും നിയമനം നടത്തിയിട്ടുണ്ട്. ക്ഷേമനിധിയിലേക്ക് സർക്കാർ വിഹിതമായി 10 കോടി രൂപ അനുവദിച്ചു. ന്യൂനപക്ഷ പാക്കേജായ മൾട്ടി സെക്ടറിൽ ഡെവലപ്മെന്റ് പ്രോഗ്രാം കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട്, എറണാകുളം, കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിൽകൂടി നടപ്പാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. മുസ്ലീം സമുദായത്തിലെ ദഖ്നി, കച്ചി, മെമൻ എന്നീ വിഭാഗങ്ങളെ സംവരണ വിഭാഗത്തിൽ ഉൾപ്പെടുത്തി ഉത്തരവായിട്ടുണ്ട്. ജില്ലാ തലത്തിൽ ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് എല്ലാ കളക്ടറേറ്റുകളിലും ഡെപ്യൂട്ടി കളക്ടറുടെ (ജനറൽ)കീഴിൽ ഓരോ ക്ലാർക്ക് തസ്തിക വീതം സൃഷ്ടിക്കുകയും പ്രസ്തുത തസ്തികകളിൽ നിയമനം നടത്തുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ന്യൂനപക്ഷ ക്ഷേമവുമായി ബന്ധപ്പെട്ട് ഹജ്ജ്, വഖഫ്, കോച്ചിംഗ് സെന്റർ, സ്കോളർഷിപ്പ് തുടങ്ങിയ കാര്യങ്ങളുടെ ജനസമ്പർക്ക കേന്ദ്രമായി ഈ സെക്ഷനുകൾ പ്രവർത്തിക്കുന്നു. പാലോളി കമ്മിറ്റി ശുപാർശകൾ സമയബന്ധിതമായി നടപ്പാക്കുന്നതിനായി നോൺ സെക്രട്ടേറിയറ്റ് തലത്തിൽ ന്യൂനപക്ഷ ക്ഷേമ വകുപ്പ് രൂപീകരിച്ചു. പാലോളി കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ നടപ്പാക്കുന്നതിന് സെക്രട്ടേറിയറ്റിൽ രൂപീകരിച്ച ന്യൂനപക്ഷ സെൽ ന്യൂനപക്ഷ ക്ഷേമ വകുപ്പാക്കി. പെൺകുട്ടികൾക്കായി ടോയ്ലെറ്റുകളില്ലാത്ത മുസ്ലീം കേന്ദ്രീകൃത പ്രദേശങ്ങളിൽ 284 സർക്കാർ സ്കൂളുകളിൽ ജലലഭ്യത ഉറപ്പു വരുത്തി 'പെൺകുട്ടികൾക്ക് ഉപയുക്തമായ ടോയ്ലെറ്റുകൾ 'ശുചിത്വ മിഷന്റെ സാങ്കേതിക സഹായത്തോടെ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു കഴിഞ്ഞു. പാലോളി കമ്മിറ്റി ശിപാർശ പ്രകാരമുള്ള പദ്ധതികളുടെ നടത്തിപ്പ്, കാലാകാലങ്ങളിലുള്ള പുരോഗതി അവലോകനം, എന്നിവയ്ക്കായി ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി സംസ്ഥാനതല കമ്മിറ്റിയും ജില്ലാതല കമ്മിറ്റികളും രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) ഇല്ല.

(സി) സച്ചാർ കമ്മീഷൻ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് ന്യൂനപക്ഷ വിഭാഗക്കാർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങളെപ്പറ്റി പ്രത്യേകം പ്രതിബാധിച്ചിട്ടില്ല.

പാലോളി കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശ

181(389) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. കെ. ടി. ജലീൽ :
ശ്രീ. എം. കെ. പുരുഷോത്തമൻ :
ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ന്യൂനപക്ഷ ജനവിഭാഗങ്ങൾ കൂടുതലുള്ള തീരദേശ ജില്ലകളിലെ സർക്കാർ സ്കൂളുകളിൽ ഗേൾസ് ഫ്രണ്ട്ലി ടോയ്ലറ്റുകളും യൂറിനൽ കോംപ്ലക്സുകളും നിർമ്മിക്കണമെന്ന പാലോളി കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശ നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ : എങ്കിൽ വിശദാംശം നൽകുമോ :

(ബി) പദ്ധതി നടപ്പാക്കുന്നതിനായി എത്ര രൂപ അനുവദിച്ചിട്ടുണ്ട് ; ഈ വർഷം എത്ര സ്കൂളുകളിലാണ് പദ്ധതി നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ :

(സി) യൂറിനൽ കോംപ്ലക്സിന്റെ നിർമ്മാണ ചുമതല ആർക്കാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ :

(ഡി) പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly